കത്തെഴുത്ത്




**റഹീം കെ പറവന്നൂർ /**

**ടി.പി** ബാലൻ എഴുതിയ 'ഞാൻ വായിച്ച ഖുർആൻ' (ലക്കം 45) വായിച്ചു. സത്യവും അസത്യവും, നന്മയും തിന്മയും ധർമവും അധർമവും ഏതൊക്കെയെന്ന് വേർതിരിക്കുകയാണ് വിശുദ്ധ ഖുർആൻ എന്ന ഗ്രന്ഥം. ഖുർആൻ വെറും മതഗ്രന്ഥമോ കേവല ആധ്യാത്മികതയോ ധർമോപദേശങ്ങളോ അല്ല. മറിച്ച്, മനുഷ്യ ജീവിതത്തെ സമഗ്രമായും സമ്പൂർണമായും പരിവർത്തിപ്പിക്കുന്ന ദൈവിക ഗ്രന്ഥമാകുന്നു. ആ അർഥത്തിലുള്ള ലേഖകന്റെ എഴുത്ത് ഹൃദ്യമായ വായനാനുഭവമായിരുന്നു.

**നേമം താജുദ്ദീൻ /**

**സോളിഡാരിറ്റിയുള്ള** കേരളത്തിന് പത്ത് വയസ്സ്' എന്ന തലക്കെട്ടിൽ (ലക്കം 46) വിവിധ സാമൂഹിക സാംസ്കാരിക വ്യക്തിത്വങ്ങൾ പങ്കെടുത്ത ചർച്ച പഠനാർഹമായിരുന്നു. കേരളത്തിലെ മുഴുവൻ രാഷ്ട്രീയ സാമൂഹിക മത സംഘടനകൾക്കും മാതൃകാപരമായ പ്രവർത്തന സംസ്കാരം കാണിച്ചുകൊടുക്കാൻ സോളിഡാരിറ്റിക്ക് കഴിഞ്ഞ പത്തു വർഷം കൊണ്ട് സാധിച്ചിട്ടുണ്ട്. സമരവും സേവനവും എങ്ങനെ ഒരുമിച്ച് കൊണ്ടുപോകാമെന്ന് സോളിഡാരിറ്റി തെളിയിച്ചു. അത്തരം അജണ്ടകൾ ഇന്ന് മറ്റു സംഘടനകളും ഏറ്റെടുത്തതിൽ തീർച്ചയായും സോളിഡാരിറ്റിക്ക് അഭിമാനിക്കാം.

**എം. അശ്‌റഫ് ഫൈസി കാവനൂർ /**

## കുടിവെള്ളം മുട്ടിയാലും 'വെള്ളംകുടി' മുട്ടരുത്!

**മദ്യഷാപ്പുകൾക്ക്** മുന്നിൽ ക്യൂവിന് ദൈർഘ്യം കൂടിവരികയാണ്. ഈ ക്യൂ നിൽക്കുന്നവരിൽ സിംഹഭാഗവും ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണ് എന്നതാണ് വസ്തുത. പകൽ ജോലി ചെയ്ത് ലഭിക്കുന്നതത്രയും രാത്രി ലഹരിക്കായി ചെലവഴിക്കുന്നു. ഒഴിവ് ദിവസങ്ങളിൽ പകലും മദ്യപാനം വിരളമല്ല. കിട്ടുന്ന പണമെല്ലാം മദ്യപിച്ച് ജീവിതം നശിപ്പിച്ച് ദാരിദ്ര്യത്തെ സ്വയംവരിക്കുന്ന ഇക്കൂട്ടർ പൊതുഖജനാവിൽ നിന്നുള്ള ബി.പി.എൽ സഹായങ്ങൾക്ക് അർഹരാണോ എന്ന് ആലോചിക്കുന്നത് നന്നായിരിക്കും. മദ്യപാനം സർക്കാർ ജോലിക്ക് അയോഗ്യതയായി കാണണം.

ബീവറേജസ് കോർപറേഷന്റെ ചില്ലറ വിൽപനശാലയിൽ പട്ടിണിപ്പാവങ്ങളുടെയും അന്യ സംസ്ഥാന തൊഴിലാളികളുടെയും കൂടെ ക്യൂ നിന്ന് മദ്യം വാങ്ങാൻ പണക്കാരന് ബുദ്ധിമുട്ടായത് കൊണ്ട് സൂപ്പർ മാർക്കറ്റിലേതുപോലെ ഇഷ്ടപ്പെട്ട ബ്രാന്റ് തെരഞ്ഞെടുക്കാനുള്ള 'സെൽഫ് ഹെൽപ് കൗണ്ടറുകൾ' തുടങ്ങുമെന്ന് മന്ത്രി. കുടിവെള്ളം മുട്ടിയാലും 'വെള്ളംകുടി' മുട്ടരുതല്ലോ?

**കെ. കുഞ്ഞഹമ്മദ് കുറ്റ്യാടി /**

## സ്നേഹത്തിന്റെ ര് വർത്തമാനങ്ങൾ കേൾക്കാൻ കാത് കൊതിക്കുന്ന എത്ര പേരു് നമുക്ക് ചുറ്റും

*പ്രബോധനം* ഒരു ലക്കം പാലിയേറ്റീവ് പ്രസ്ഥാനത്തിനു വേണ്ടി നീക്കിവെച്ചത് ഉചിതവും പാലിയേറ്റീവിന്റെ ഗൗരവം വായനക്കാർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഉപകരിക്കുന്നതുമായി. അഞ്ചു വർഷത്തിലധികമായി പാലിയേററീവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എനിക്ക് രോഗികളും അവരുടെ ബന്ധുക്കളുമായുള്ള ഇടപെടലിനിടയിൽ വേദനിക്കുന്നതും മധുരിക്കുന്നതുമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് ഒരു വാപ്പയുടെയും മകന്റെയും കഥ. മലയോര പ്രദേശമായ ഒരിടത്ത് 25 വർഷമായി സ്പൈനൽ സംബന്ധമായ പ്രയാസത്തിൽ കിടക്കുന്ന അയമുക്ക. തികഞ്ഞ മതഭക്തനായ അയമുക്ക കിടന്ന കിടപ്പിൽ സിമന്റ് തേക്കാത്ത ഇഷ്ടികച്ചുമരിൽ തടവി തയമ്മും ചെയ്ത് നമസ്കരിക്കാറുണ്ടായിരുന്നു. അത് തുടർന്നതിനാൽ രണ്ട് ഇഷ്ടികകൾ ഗുഹപോലെ ഉള്ളോട്ടു കുഴിഞ്ഞുനിന്നിരുന്നു. ചുമർ കെട്ടി പണിയെടുക്കുന്ന മകൻ പണി കഴിഞ്ഞ് വന്ന് എല്ലാ ദിവസവും വാപ്പയുടെ ശരീരം മസാജ് ചെയ്തുകൊടുക്കും. മൂത്രത്തിൽ ട്യൂബിട്ടതിനാൽ അത് ദിവസവും വൃത്തിയാക്കിക്കൊടുക്കും. കൂലിപ്പണിയിൽ നിന്നുള്ള വരുമാനം പകുതിയിലധികവും വാപ്പയുടെ ചികിത്സക്ക്. 25 വർഷം ഇത് തുടർന്നിട്ടും മകന് മടുപ്പില്ല. എന്നു മാത്രമല്ല വാപ്പയുടെ അവസാന നാളുകളിൽ ഭക്ഷണം കഴിക്കാനാവാത്തതിനാൽ മൂക്കിലൂടെ ട്യൂബിട്ട് ഭക്ഷണം കൊടുക്കേണ്ടിവരുമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ വാപ്പ ഭക്ഷണം രുചിയറിയാതെ കഴിക്കേണ്ടിവരുമല്ലോ എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞു. ആ ട്യൂബിട്ട ദിവസം ഭക്ഷണം വേണ്ടെന്ന് വെച്ച് വാപ്പയോടുള്ള സ്നേഹത്തിന്റെ ഉദാത്ത മാതൃകയായി മകൻ. വേറൊരു ഭാഗത്ത്, ഒരാഴ്ച കിടപ്പിലാകുമ്പോൾ തന്നെ മാതാപിതാക്കൾക്കു വേണ്ടി ഹോം നഴ്സിനെ അന്വേഷിക്കുന്ന മക്കളെയും കാണാനാകും. നമുക്ക് ചുറ്റും അനേകം വൃദ്ധമാതാപിതാക്കൾ സ്നേഹത്തിന്റെ രണ്ട് വർത്തമാനങ്ങൾക്കായി, ആശ്വാസത്തിന്റെ തലോടലിനായി കൊതിച്ചുകൊണ്ട് കിടക്കകളിലും വീൽചെയറിലുമായി ജീവിതം തള്ളിനീക്കുന്നുണ്ട്. അവരെ മറന്നുകൊണ്ടുള്ള ജീവിതത്തിന്റെ ആർഭാട ശൈലി വെടിയാൻ തയാറുള്ളവർക്ക് വഴികാട്ടിയാണ് *പ്രബോധനം* പാലിയേറ്റീവ് പതിപ്പ്.

ആചാരി തിരുവത്ര ചാവക്കാട് /

## കഴിഞ്ഞ പത്താണ്ടുകളിൽ കേരളത്തിന്റെ യൗവ്വനമായിരുന്നു സോളിഡാരിറ്റി



**ഏപ്രിൽ** 26-ന്റെ *പ്രബോധനം* വാരികയിൽ സോളിഡാരിറ്റിയുടെ പ്രവർത്തനശൈലിയുടെ പിന്നാമ്പുറങ്ങളിലേക്ക് അപഗ്രഥനം നടത്തിക്കൊണ്ടവതരിപ്പിച്ച എഴുത്തുകൾ സസൂക്ഷ്മം വായിക്കാനിടയായി.

യുവത്വത്തിന്റെ പ്രതീകമായി സമൂഹത്തിലെ അസംഘടിത മേഖലയിലെ ജീർണിച്ച എല്ലാ സാമൂഹിക പ്രശ്നങ്ങൾക്കെതിരെയും ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന സോളിഡാരിറ്റി കഴിഞ്ഞ പത്തു വർഷം കൊണ്ട് കേരളത്തിന്റെ നാഡീ വ്യൂഹമായി മാറിയിരിക്കുന്നു.

നീർ കുമിളകൾ പോലെ പതഞ്ഞു പൊങ്ങി നിമിഷ മാത്രകൾ കൊണ്ട് ഉടഞ്ഞുപോയിട്ടുണ്ട് പല സംഘടനകളും. ഐക്യത്തോടെ കൈയും മെയ്യും മറന്നുകൊണ്ടുള്ള പ്രവർത്തന ശൈലിയൊന്നു മാത്രമാണ് സോളിഡാരിറ്റിയുടെ വിജയത്തിന്റെ പിന്നിലുള്ള ശക്തി. തനതായ ശൈലിയിലുള്ള പ്രവർത്തനങ്ങൾ മറ്റു പല സംഘടനകൾക്കും മാതൃകയും ഉത്തേജകവും ആയിത്തീർന്നത് അനുഭവിച്ചറിഞ്ഞ കാര്യമാണ്.

---

എ.കെ രാമചന്ദ്രൻ, ഊരകത്ത് കുറ്റ്യാടി /

## 'സമകാലിക' കഥ

ലക്കം 47-ൽ വന്ന ഷാജു കായക്കൊടിയുടെ 'പരുന്ത്' എന്ന കൊച്ചുകഥ ശ്രദ്ധേയായി. സമകാലിക സമൂഹവും മാധ്യമങ്ങളും ഭീതിദമായി കാണുന്ന ഒരു വിഷയത്തിന്റെ വിതാനത്തിലേക്കുള്ള ഒരു ചൂണ്ടുവിരലായി കാണാം ഈ കഥയുടെ ഉള്ളടക്കം. വാക്കുകളുടെ കസർത്തുകളില്ലാതെ, ഒതുക്കമാർന്ന വാചകങ്ങളിലൂടെ തുടർന്ന്, ഒടുക്കം ഒരു ഏറു പടക്കത്തിന്റെ സ്ഫോടനാത്മ കത. കഥാകൃത്ത് ഷാജു കായക്കൊടിക്കും *പ്രബോധന*ത്തിനും അഭിനന്ദനങ്ങൾ.

---

പി.പി.എ പെരിങ്ങാടി /

## കുത്തക ട്രാവൽ ഏജൻസികൾ സുഊദി സർക്കാറിനെയും കരിവാരിത്തേക്കുന്നു

**സുഊദി** സർക്കാർ ഇന്ത്യൻ മുസ്‌ലിംകൾക്കനുവദിക്കുന്ന ഹജ്ജ് ക്വാട്ട മുഴുവൻ ഹജ്ജ് കമ്മിറ്റി തന്നെ കൈകാര്യം ചെയ്യണമെന്ന് പല കോണുകളിൽ നിന്നും ഉയർന്നുവന്ന ആവശ്യം വളരെ ന്യായമാണ്.

അരലക്ഷത്തോളം സീറ്റുകൾ ട്രാവൽ ഏജൻസികളിലേക്കാണ് നീങ്ങുന്നത്. കേന്ദ്ര ഭരണത്തിൽ വളരെ സ്വാധീനമുള്ള കുത്തക ട്രാവൽ ഏജൻസികൾ ഇതിൽ നല്ലൊരു പങ്ക് സ്വന്തമാക്കി യഥേഷ്ടം വിൽക്കുകയും കച്ചവടം നടത്തുകയും ചെയ്യുകയാണ്. കുത്തക ട്രാവൽ ഏജൻസികൾ ഇന്ത്യയുടെ പല ഭാഗങ്ങളിൽ പല പേരുകളിൽ ലൈസൻസ് സമ്പാദിച്ച് സീറ്റുകൾ വാരിക്കൂട്ടുന്നുണ്ട്. കൊമ്പൻ സ്രാവുകളായ ഈ കൂട്ടർക്ക് ബിനാമി സ്ഥാപനങ്ങളുണ്ട്. പല ജാതി വ്യാപാരങ്ങളുമുണ്ട്. കേന്ദ്ര ഭരണത്തിലും മറ്റു അധികാര കേന്ദ്രങ്ങളിലും നല്ല സ്വാധീനവുമുണ്ട്. സേവന സ്വഭാവത്തിൽ ലാഭേഛയില്ലാതെ പ്രവർത്തിച്ച പല ഹജ്ജ് ഗ്രൂപ്പുകളെയും ശ്വാസം മുട്ടിച്ച് കൊല്ലുന്നതിൽ ഇവർ വിജയിച്ചിട്ടുമുണ്ട്. പല മത സംഘടനകളും സ്വന്തമായി ലൈസൻസ് സമ്പാദിച്ചിരുന്നില്ല. കാരണം അവർ ഹജ്ജിനെ കച്ചവടമായോ ടൂറിസമായോ കാണുന്നവരായിരുന്നില്ല. ലൈസൻസ് സമ്പാദിക്കാനുള്ള നൂലാമാലയും തലവേദനയും ഒഴിവാക്കാൻ മിതമായ സർവീസ് ചാർജ് നൽകി ട്രാവൽ ഏജൻസികളെക്കൊണ്ട് വിസ സ്റ്റാമ്പിംഗ് നടത്താറായിരുന്നു മുൻകാലങ്ങളിൽ പതിവ്. പിന്നീട് കുത്തക ട്രാവൽ ഏജൻസികൾ ഹജ്ജിനെ കച്ചവടക്കണ്ണോടെ കണ്ട് അതിലേക്ക് മുഴുവനായിട്ടിറങ്ങി. നേരത്തെ മത സംഘടനകളുടെ ഹാജിമാർ സാങ്കേതികമായി ഇവരുടെ യാത്രക്കാരായിട്ടായിരുന്നു രേഖകളിലുണ്ടായിരുന്നത്. ഈ രേഖകൾ സമർഥമായുപയോഗിച്ചാണ് വിവിധ പേരുകളിൽ ഇവർ ലൈസൻസുകൾ സമ്പാദിച്ചത്. മത സംഘടനകൾ സേവന സ്വഭാവത്തിൽ കൊണ്ടുപോയ ഹാജിമാരുടെ ലിസ്റ്റ് തങ്ങളുടെ മുൻകാല പ്രവർത്തനമായി കാണിച്ച് സമർഥമായി ഉപയോഗപ്പെടുത്തി എന്ന് ചുരുക്കം.

സുഊദി സർക്കാർ സൗജന്യമായി നൽകുന്ന വിസക്ക് അരലക്ഷവും അതിലേറെയും വാങ്ങുന്നതെന്തിനെന്ന് ചോദിച്ചാൽ എംബസിയിൽ കോഴ കൊടുക്കേണ്ടതുണ്ടെന്നും മറ്റും തരം പോലെ തട്ടിവിടാനും ഇവർ മടിക്കാറില്ല (ടിക്കറ്റിന്റെ കമീഷനും മറ്റിതര ലാഭങ്ങളും വേറെയുണ്ട്). ഹജ്ജിന്റെ വിഷയത്തിൽ പ്രശംസനീയമാംവിധം പ്രവർത്തിക്കുന്ന സുഊദി സർക്കാറിനെ കരിവാരിത്തേക്കുന്ന ഹീന വേലയാണ് ഹജ്ജിനെ വ്യാപാരവത്കരിക്കുന്ന കുത്തക ട്രാവൽ ഏജൻസികൾ ചെയ്യുന്നത്.

സ്വകാര്യ ഏജൻസികൾ ഹജ്ജ് വിസ അടിക്കാൻ ഈടാക്കുന്ന അരലക്ഷത്തിലേറെ വരുന്ന തുകയുടെ ഭാരം ലഘൂകരിക്കും വിധം മൊത്തം വിസ ഹജ്ജ് കമ്മിറ്റിതന്നെ അടിച്ചുകൊടുത്താൽ അത് ഹജ്ജ് സബ്സിഡിയേക്കാൾ വലിയ കാര്യമാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയെ, അധികാരവും സൗകര്യവും നൽകി വിപുല സംവിധാനമാക്കാവുന്നതാണ്. മലേഷ്യയിലെ ഹജ്ജ് കോർപറേഷൻ പോലുള്ള പലതും നമുക്ക് മാതൃകയാക്കാവുന്നതാണ്.